**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5934** **25-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ സേവനമേഖല കാര്യക്ഷമമാക്കുന്നതിനായുള്ള 'സേവനം വീട്ടുപടിക്കൽ' (സർവീസ് അറ്റ് ഡോർ സ്റ്റെപ്പ്സ് ) എന്ന പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ; ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | വൈദ്യുതി വകുപ്പിന്റെ സേവനമേഖല കാര്യക്ഷമമാക്കുന്നതിനായുള്ള "സേവനം വീട്ടുപടിക്കൽ" (സർവീസ് അറ്റ് ഡോർസ്റ്റെപ്പ്) പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നിർവഹിച്ച സേവനങ്ങൾ ചുവടെ ചേർക്കുന്നു. (30.07.2021 മുതൽ15.03.2025 വരെ). |

| ക്രമ നമ്പർ | സർവീസ് | എണ്ണം |
|---|---|---|
| 1 | മീറ്റർ മാറ്റിവയ്ക്കൽ | 20559 |
| 2 | ഉടമസ്ഥാവകാശ മാറ്റം | 13245 |
| 3 | ഫേസ് മാറ്റം | 217 |
| 4 | പോസ്റ്റ് മാറ്റൽ | 1407 |
| 5 | പോസ്റ്റ് മാറ്റൽ/HT | 60 |
| 6 | കണക്ടഡ് ലോഡ് മാറ്റം | 28777 |
| 7 | കോൺട്രാക്ട് ഡിമാൻഡ് പരിഷ്കരണം | 17 |
| 8 | പുതിയ സർവീസ് കണക്ഷൻ-LT | 24075 |
| 9 | താരിഫ് മാറ്റം/ഉപയോഗ ആവശ്യം മാറ്റം | 21078 |

<u>SADS ഓൺലൈൻ സേവനങ്ങൾ</u>

- പുതിയ സർവീസ് കണക്ഷൻ (LT)
- താരിഫ് മാറ്റം, കണക്ടഡ് ലോഡ് മാറ്റം, ഫേസ് മാറ്റം, ഉപയോഗ ആവശ്യം മാറ്റം, മീറ്റർ മാറ്റിവയ്ക്കൽ ഉടമസ്ഥാവകാശ മാറ്റം, കോൺട്രാക്ട് ഡിമാൻഡ് പുതുക്കൽ
- പോസ്റ്റ് ഷിഫ്റ്റിംഗ് – ഉപഭോക്താവ് [സർവീസ് വയർ / പോസ്റ്റ് LT/HT – ന്റെ പുനർ: വിന്യാസം] തുടങ്ങിയ സേവനങ്ങൾ

| | | | |
|---|---|---|---|
| | | | മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ സേവനം വീട്ടുപടിക്കൽ എന്ന പദ്ധതിയിൽ 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br><u>ഫെബ്രുവരി മാസത്തിൽ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ</u><br><br>പുതിയ കണക്ഷൻ നൽകൽ 23<br><br>മീറ്റർ മാറ്റിവയ്ക്കൽ 31<br><br>ഉടമസ്ഥാവകാശമാറ്റം 12<br><br>താരിഫ് മാറ്റം 28<br><br>കണക്ടഡ് ലോഡ് മാറ്റം 49<br><br>ലൈൻ മാറ്റിസ്ഥാപിക്കൽ (LT) 29, (HT) 2<br><br>ഫേസ് കൺവർഷൻ 1<br><br><u>മാർച്ച് മാസത്തിൽ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ</u><br><br>പുതിയ കണക്ഷൻ നൽകൽ 3<br><br>മീറ്റർ മാറ്റിവയ്ക്കൽ 15<br><br>ഉടമസ്ഥാവകാശമാറ്റം 7<br><br>താരിഫ് മാറ്റം 30<br><br>കണക്ടഡ് ലോഡ് മാറ്റം 13<br><br>ലൈൻ മാറ്റിസ്ഥാപിക്കൽ (LT) 26, (HT) 1<br><br>ഫേസ് കൺവർഷൻ Nil<br><br>ലഭിച്ച അപേക്ഷകളിൽ എല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിയിൽ പുതിയ കണക്ഷൻ നൽകൽ, മീറ്റർ മാറ്റിവയ്ക്കൽ, ഉടമസ്ഥാവകാശമാറ്റം, താരിഫ് മാറ്റം, കണക്ടഡ് ലോഡ് മാറ്റം, ലൈൻ മാറ്റിസ്ഥാപിക്കൽ, ഫേസ് കൺവർഷൻ എന്നീ സേവനങ്ങളാണ് ഉപഭോക്താ ക്കൾക്ക് നൽകി വരുന്നത്. |
| (ബി) | മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായുള്ള സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെയും വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീ ഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെയും വിശദാംശവും പുരോഗതികളും വെളിപ്പെടുത്തുമോ? | (ബി) | പ്രസരണവിഭാഗത്തിനു കീഴിൽ മലപ്പുറം നിയോജക മണ്ഡലത്തിൽ നടന്നു വരുന്ന സബ്സ്റ്റേഷൻ, ലൈൻ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>1. മലപ്പുറം 110 കെ.വി ജി.ഐ.എസ് സബ്സ്റ്റേഷൻ നിർമ്മാണം – മെയ് 2025 -ൽ |

പൂർത്തീകരിക്കാനാകും എന്ന് KSEBL അറിയിച്ചിട്ടുണ്ട്. പുരോഗതി - 70%

2. 33 കെ വി INKEL സബ്സ്റ്റേഷൻ നിർമ്മാണം - മാർച്ച് 2025-ൽ പൂർത്തീകരിക്കാനാകും എന്ന് KSEBL അറിയിച്ചിട്ടുണ്ട്. പുരോഗതി - 98%
3. എലച്ചോല മലപ്പുറം 66 കെ വി ലൈൻ 110 കെ വി ലൈൻ ആക്കി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി - ഏപ്രിൽ 2025-ൽ പൂർത്തീകരി ക്കാനാകും എന്ന് KSEBL അറിയിച്ചിട്ടുണ്ട്. പുരോഗതി - 70%
4. മലപ്പുറം സബ്സ്റ്റേഷനിൽ നിലവിലുള്ള രണ്ട് 12.5 MVA ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ 20MVA ആക്കി മാറ്റുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ട്രാൻസ്ഫോർമറുകൾ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ് എന്ന് KSEBL അറിയിച്ചിട്ടുണ്ട്.
5. മലപ്പുറം 110കെ.വി സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി INKEL സബ്സ്റ്റേഷനിലേക്ക് 7.5കി.മി പുതിയ 3, 33കെ.വി ലൈനിന്റെ നിർമ്മാണം മാർച്ച് 2025-ൽ പൂർത്തീകരിക്കാനാകും എന്ന് KSEBL അറിയിച്ചിട്ടുണ്ട്. പുരോഗതി - 92%.

മലപ്പുറം മണ്ഡലത്തിൽ വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് പ്രവർത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പി ക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നിലവിലുള്ള സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകൾ കാവേർഡ് കണ്ടക്ടർ, ഭൂഗർഭ കേബിൾ, എ.ബി കേബിൾ തുടങ്ങിയവ ഉപയോഗിച്ച് സ്ഥാപിക്കൽ, പുതിയ സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകൾ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഇന്റർലിങ്കിംഗ് വർക്കുകൾ തുടങ്ങിയവ ആർ.ഡി.എസ്.എസ്., ദ്യുതി സ്പെഷ്യൽ, ദ്യുതി 2.0 തുടങ്ങിയ പദ്ധതികളിൽ ആയി ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ ദ്യുതി 2.0 പദ്ധതി 2022 തൊട്ട് നടപ്പിലാക്കി വരുന്നു. 2022-27 കാലയളവിൽ 18.15 കോടി രൂപ മൂല്യത്തിലുള്ള വികസന പ്രവർത്തനങ്ങൾ മലപ്പുറം മണ്ഡലത്തിൽ ദ്യുതി 2.0 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. അതിൽ ഇതുവരെയായി 5.63 കോടി രൂപയുടെ പ്രവർത്തികളാണ് പൂർത്തീക രിച്ചത്. ബാക്കിവരുന്ന 12.52 കോടി രൂപയുടേത് തുടർന്ന് വരുന്ന സാമ്പത്തിക വർഷങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതാണ് എന്ന് KSEBL അറിയിച്ചിട്ടുണ്ട്.

ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി 21.23 കോടി രൂപയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗ മിക്കുന്നു. മലപ്പുറം സ്പെഷ്യൽ പാക്കേജിൽ 17.81

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ പ്രവർത്തന ങ്ങൾക്കായുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ